# INDIAN SCHOOL AL WADI AL KABIR

| CLASS: X | DEPARTMENT: MALAYALAM | DATE: 12-04-2025 |
|---|---|---|
| Worksheet-1 | Lesson: ലക്ഷ്മണസാന്ത്വനം | Topic: OTQ |

**ഉത്തരമെഴുതുക**

1. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര് ?

   ..........................................................................

2. എഴുത്തച്ഛൻ ഏത് നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവിയാണ് ?

   ..........................................................................

3. 'കവികുലഗുരു' എന്നറിയപ്പെടുന്ന കവി ആര് ?

   ..........................................................................

4. എഴുത്തച്ഛൻ നിർവഹിച്ച ചരിത്രദൗത്യം എന്ത് ?

   ..........................................................................

5. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചു കൊണ്ട് തികച്ചും മൗലികമായ ഒരു കാവ്യശൈലി സൃഷ്ടിച്ച എഴുത്തുകാരൻ ആര് ?

   ..........................................................................

6. എഴുത്തച്ഛന്റെ ജൻമസ്ഥലം എവിടെയാണ് ?

   ..........................................................................

7. എഴുത്തച്ഛൻ ഏതു കവിത്രയത്തിൽ ഉൾപ്പെടുന്ന കവിയാണ് ?

   ..........................................................................

8. അദ്ധ്യാത്മരാമായണത്തിലെ ഓരോ ഭാഗവും അറിയപ്പെടുന്നത് എന്ത് പേരിലാണ് ?

……………………………………………………………………

9. ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

……………………………………………………………………

10. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏത് കാണ്ഡത്തിൽ നിന്ന് എടുത്തതാണ് 'ലക്ഷ്മണസാന്ത്വനം' ?

……………………………………………………………………

11. ലക്ഷ്മണന്റെ മാതാവിന്റെ പേരെന്ത് ?

……………………………………………………………………

12. ശ്രീരാമ പട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് കുപിതനായി തീർന്നത് ആര് ?

……………………………………………………………………

13. ശ്രീരാമൻ സൗമിത്രേ എന്ന് സംബോധന ചെയ്യുന്നത് ആരെയാണ് ?

……………………………………………………………………

14. ദശരഥമഹാരാജാവ് ഏത് രാജ്യത്തെ രാജാവായിരുന്നു ?

……………………………………………………………………

15. മത്സരാദ്യം വെടിയാൻ ശ്രീരാമൻ ആരോടാണ് ആവശ്യപ്പെടുന്നത് ?

……………………………………………………………………

16. 'വത്സ സൗമിത്രേ' എന്ന ശ്രീരാമന്റെ സംബോധനയിൽ തെളിയുന്ന ഭാവം എന്ത് ?

……………………………………………………………………

17. ബുധജനം എന്താണ് പരിത്യജിക്കേണ്ടത് ?

……………………………………………………………………

18. സംസാരനാശിനിയായത്  എന്താണ് ?

..........................................................................

19. മണ്ണിന്നു കീഴായി കൃമികളായി പോകുന്നതെന്ത് ?

..........................................................................

20. മോക്ഷാർത്ഥി എന്താണ് ചെയ്യേണ്ടത് ?

..........................................................................

21. 'നിന്നാലസാധ്യമായില്ലൊരു കർമ്മവും' ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

..........................................................................

22. വേഗേന നഷ്ടമാവുന്നത് എന്താണ് ?

..........................................................................

23. 'ക്ഷണഭംഗുരം' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

..........................................................................

24. മുക്തിക്കു വിഘ്നം വരുത്തുവാൻ എത്രയും ശക്തിയുള്ളത് എന്തിനാണ് ?

..........................................................................

25. 'നിന്നോളമില്ല മറ്റാർക്കും' എന്താണ് മറ്റാർക്കും ഇല്ലാത്തത് ?

..........................................................................

26. ഭോഗങ്ങൾ എന്തു പോലെയാണ് ?

..........................................................................

27. സംസാര കാരിണി ആയത് എന്ത് ?

..........................................................................

28. മനുഷ്യർക്ക് അസ്ഥിരമായിട്ടുള്ളത് എന്ത് ?

........................................................................

29. ക്രോധം പരിത്യജിക്കേണ്ടത് ആര് ?

........................................................................

30. സ്വപ്നസമാനമായതെന്തെന്നാണ് എഴുത്തച്ഛൻ പറയുന്നത് ?

........................................................................

**<u>ഉത്തരങ്ങൾ</u>**

1. എഴുത്തച്ഛൻ

2. 16-ാം നൂറ്റാണ്ട്

3. എഴുത്തച്ഛൻ

4. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക

5. എഴുത്തച്ഛൻ

6. മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂർ

7.പ്രാചീനകവിത്രയം

8. കാണ്ഡം

9. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

10. അയോദ്ധ്യാകാണ്ഡം

11. സുമിത്ര

12. ലക്ഷ്മണൻ

13. ലക്ഷ്മണനെ

14. അയോദ്ധ്യ

15. ലക്ഷ്മണനോട്

16. വാൽസല്യം / സ്നേഹം

17. ക്രോധം

18. വിദ്യ

19. ദേഹം ( ശരീരം )

20. ഏകാഗ്രമായ മനസ്സോടെ വിദ്യാഭ്യാസം ( അറിവ് ) നേടുക

21. ലക്ഷ്മണനെക്കുറിച്ച്

22. ആയുസ്സ്

23. മർത്ത്യജന്മത്തെ ( മനുഷ്യജീവിതത്തെ )

24. ക്രോധം

25. ശ്രീരാമനോടുള്ള വാൽസല്യം

26. ക്ഷണപ്രഭപോലെയാണ്

27. അവിദ്യ

28. ലക്ഷ്മി ( ഐശ്വര്യം )

29. ബുധജനം

30. കളത്രസുഖം

****